## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2277 08.05.2017 -ൽ മറുപടിക്ക്**

**ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാതയുടെ പുനർ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാതയുടെ പുനർ നിർമ്മാണ ത്തിനുള്ള പദ്ധതിയുടെ അലൈൻമെന്റ് നിശ്ചയിച്ച് സർവ്വേ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാതയുടെ പുനർ നിർമ്മാണത്തിനുള്ള പദ്ധതിയുടെ അലൈൻമെന്റ് ഓപ്ഷന് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) ഈ സെക്ടറിൽ ഏതെല്ലാം ഭാഗങ്ങളിലാണ് ഫ്ലൈ ഓവർ റോഡ് നിർമ്മിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) താഴെ പറയുന്ന ഭാഗങ്ങളിലാണ് ഫ്ലൈഓവർ നിർമ്മിക്കുന്നതെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.<br>1. എക്സ്റേ ജംഗ്ഷൻ (ചേർത്തല)<br>2. മാരാരിക്കുളം ടൗൺ<br>3. അമ്പലപ്പുഴ ടൗൺ<br>4. നങ്ങ്യാർകുളങ്ങര<br>5. കരുനാഗപ്പള്ളി<br>6. കൊട്ടിയം<br>7. ചാത്തന്നൂർ<br>8. കല്ലുമ്പലം<br>9. പാരിപ്പള്ളി |
| (സി) നീണ്ടകരയിൽ രണ്ടാമത് പാലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ? | (സി) നാലുവരിപ്പാതയിലൂടെയുള്ള ഗതാഗതം ഉറപ്പാക്കുവാൻ നിലവിലെ പാലം പൊളിക്കാതെ തന്നെ അതിനു സമാന്തരമായ ഒരു മൂന്നു വരിപ്പാലം നിർമ്മിക്കുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. |

S. Bindu

**സെക്ഷൻ ഓഫീസർ**